Break the chain

വനിത ശിശുവികസന വകുപ്പ്

മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**
**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**
**(ഹാജർ: പ്രിയങ്ക ജി IAS ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

വിഷയം:- വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - തിരുവനന്തപുരം സ്വദേശി **രാഹുൽ ജി.രാജീവ്** എന്ന കുട്ടിക്ക് -ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം: തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 23.02.2022 തീയതിയിലെ ഡി.സി.പി.ഒ/റ്റി/ഡി2/660/22

================================================================

**ഉത്തരവ് നമ്പർ : ICPS-4(A)/262/2022 തീയതി: 27.04.2022**

================================================================

തിരുവനന്തപുരം ജില്ലയിൽ പേട്ട പ്രശാന്ത് ഭവനിൽ ശ്രീ.രാജീവ്, ശ്രീമതി.ഗീത ഒ എന്നീ ദമ്പതികളുടെ മകനായ രാഹുൽ.ജി.രാജീവ് (15 വയസ്സ്) എന്ന കുട്ടിക്ക് ADHD, Disruptive Mood Dysregulation Disorder എന്ന രോഗാവസ്ഥ ആണ് എന്നും കുട്ടി വീട്ടിൽ ദേഷ്യ സ്വഭാവം പ്രകടിപ്പിക്കുകയും,മർദിക്കുകയും ചെയ്യാറുണ്ട് എന്നും നിലവിൽ ചികിത്സയ്ക്കായി 18,047/-രൂപ ചിലവായിട്ടുണ്ട് എന്നും എന്നാൽ കുടുംബത്തിന് നിലവിൽ മറ്റ് കാര്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും ആയതിനാൽ കുട്ടിയുടെ ചികിത്സാ ഇനത്തിൽ ചിലവായ 18,047/- രൂപ ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിച്ച് നൽകണമെന്നും തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള തിരുവനന്തപുരം ജില്ലയിൽ പേട്ട പ്രശാന്ത് ഭവനിൽ ശ്രീ.രാജീവ്, ശ്രീമതി.ഗീത ഒ എന്നീ ദമ്പതികളുടെ മകനായ രാഹുൽ.ജി.രാജീവ് ന്റെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും നിലവിൽ സമർപ്പിച്ച

ബില്ലുകളുടെ അടിസ്ഥാനത്തിൽ ആകെ 17,747/-രൂപ **(പതിനേഴായിരത്തി എഴുന്നൂറ്റി നാൽപത്തിഏഴ് രൂപ മാത്രം)** അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

ടി തുകയായ 17,747/-രൂപ **(പതിനേഴായിരത്തി എഴുന്നൂറ്റി നാൽപത്തിഏഴ് രൂപ മാത്രം)** തിരുവനന്തപുരം വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി ജെ.ജെ. ഫണ്ടിന്റെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകേണ്ടതാണ്. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി തിരുവനന്തപുരം ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, തിരുവനന്തപുരം

പകർപ്പ്

1. ജില്ലാ വനിത ശിശു വികസന ഓഫീസർ,തിരുവനന്തപുരം
2. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്